**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6351** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കരാറുകാർക്ക് കുടിശികയായതിനെത്തുടർന്ന് ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നതിനാൽ ഗതാഗത യോഗ്യമല്ലാതായിരിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ സംസ്ഥാനത്തു പുരോഗമിക്കുക യാണ്. നിലവിൽ പൈപ്പ് സ്ഥാപിച്ച ശേഷം റോഡ് പുനരുദ്ധാരണത്തിനുള്ള ഇനങ്ങൾ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിലുൾപ്പെടുത്തി യിട്ടുള്ളതാണ്. ജൽ ജീവൻ മിഷൻ പ്രവൃത്തിയിൽ പൈപ്പിടൽ പ്രവൃത്തി നടപ്പിലാക്കിയ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഉള്ള തുക PWDയ്ക്ക് ഒടുക്കിയിട്ടുള്ള പ്രവൃത്തികളിൽ PWD തന്നെ നേരിട്ട് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതാണ്. അല്ലാത്ത റോഡുകളുടെ പുനരുദ്ധാരണം KWA നേരിട്ട് നടപ്പിലാക്കുന്നു. പ്രസ്തുത റോഡുകളിൽ പൈപ്പിടൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് KWA നേരിട്ട് റോഡുകൾ പൂർവസ്ഥിതിയിലാക്കുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു. |
| (ബി) | ജലജീവൻ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; ഇതിനായി സംസ്ഥാനം നൽകേണ്ട മാച്ചിങ് ഷെയർ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ജലജീവൻ പദ്ധതിയുടെ കാലാവധി 31-03-2025 വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ അറിയിപ്പ് ലഭിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ കേരളത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന് വേണ്ടി 1949.36 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ സംസ്ഥാന മാച്ചിങ് ഷെയർ ആയി വരുന്നത് 1903.87 കോടി രൂപയാണ്. കേന്ദ്രത്തിൽ നിന്ന് ലഭിച്ച ആദ്യ ഗഡുവിനു ആനുപാതികമായ സംസ്ഥാന ഷെയർ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി ഇപ്പോൾ അവസാനിപ്പിച്ചാൽ ഇതിനായി ചെലവഴിച്ചിട്ടുള്ള തുക പാഴായിപ്പോകുമെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി എങ്ങനെ തരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (സി) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികളുടെ നിർവ്വഹണം ത്വരിതഗതിയിൽ തുടർന്ന് വരികയാണ്. |

സെക്ഷൻ ഓഫീസർ